*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

148th Issue - Volume 4, No. 29 ജാഗ്രത 27 th August 2010

"Everytime you smile at someone, it is an action of love, a gift to that person, a beautiful thing"

Mother Teresa



Blessed Mother Teresa

**Commission Chairman**
Rt. Rev. Dr. Stanley Roman

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**Commission Secretary**
Fr. Johny Kochuparambil

## പ്രധാന വാർത്തകൾ

പട്ടികജാതി സംവരണം നിഷേധിക്കുന്നത് അനീതി: ബിഷപ് സ്റ്റീഫൻ അത്തിപ്പൊഴിയിൽ

---

സഭാമക്കൾ ജീവന്റെ അംബാസഡർമാരാകണം: കർദിനാൾ മാർ വർക്കി വിതയത്തിൽ

---

സാമൂഹ്യതിന്മകൾ ജീവസംസ്കാരത്തെ നിർജീവമാക്കുന്നു: മാർ ജോസഫ് കല്ലറങ്ങാട്ട്

## പട്ടികജാതി സംവരണം നിഷേധിക്കുന്നത് അനീതി: ബിഷപ് സ്റ്റീഫൻ അത്തിപ്പൊഴിയിൽ




ക്രിസ്തുവിൽ വിശ്വസിച്ചതിന്റെ പേരിൽ പട്ടികജാതി വംശജരായ ക്രൈസ്തവർക്കു പട്ടികജാതി സംവരണം നിഷേധിക്കുന്നതു വിശ്വാസത്തിനെ തിരേയുള്ള കടന്നാക്രമണമാണെന്നു കെസിബിസി സർക്കുലർ. കെസിബിസി പട്ടികജാതി -പട്ടികവർഗ-പിന്നാക്ക ജാതി കമ്മീഷൻ ചെയർമാൻ ബിഷപ് ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിലാണു സർക്കുലർ പുറത്തിറക്കിയത്. ഇന്ത്യൻ ഭരണഘടന പ്രകാരം എല്ലാ പൗരന്മാർക്കും മനഃസാക്ഷി സ്വാതന്ത്ര്യത്തിനു തുല്യമായ അവകാശമാണുള്ളത്. എല്ലാവർക്കും മതവിശ്വാസം പരിശീലിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും അവകാശമുണ്ട്. ഭാരതക്രൈസ്തവരിൽ 75 ശതമാനം ദളിത് ക്രൈസ്തവരാണ്. ദളിത് ക്രൈസ്തവ സംവരണാവകാശം നൽകണമെന്നാവശ്യപ്പെട്ടു സമരമാരംഭിക്കുന്നത് 1950 ഓഗസ്റ്റ് പത്തിനു പുറപ്പെടുവിച്ച രാഷ്ട്രപതിയുടെ ഉത്തരവിനെ തുടർന്നാണ്. 'ഹിന്ദുമതത്തിൽനിന്നു വ്യത്യസ്തമായ ഒരു മതം സ്വീകരിച്ചിട്ടുള്ള ദളിതരെ പട്ടികജാതിക്കാരായി പരിഗണിക്കുന്നതല്ല' എന്നായിരുന്നു ആ ഉത്തരവ്. എന്നാൽ, 1956ൽ ദളിത് സിക്കുകാർക്കും 1990ൽ ദളിത് ബുദ്ധമതക്കാർക്കും പട്ടികജാതി സംവരണം ഉറപ്പുവരുത്തി ഉത്തരവിറങ്ങി. ദളിത് ക്രൈസ്തവരെയും മുസ്ലിംകളെയും ഇപ്പോഴും അവഗണിച്ച് മാറ്റിനിർത്തിയിരിക്കയാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പിന്നാക്ക വിഭാഗങ്ങളുടെ പുരോഗതിയെക്കുറിച്ചു പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിച്ച കമ്മീഷനുകളെല്ലാം ഇവർക്കനുകൂലമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളതെന്നു സർക്കുലർ ചൂണ്ടിക്കാട്ടുന്നു. ദളിത് ക്രൈസ്തവർക്കു സംവരണം ആവശ്യപ്പെട്ടുകൊണ്ട് 2004ൽ ഫ്രാങ്ക്ളിൻ സീസർ എന്നയാൾ സുപ്രീം കോടതിയെ സമീപിച്ചിരുന്നു. കേസ് വാദത്തിനെടുത്തപ്പോൾ 1950ലെ പട്ടികജാതി ഉത്തരവിന്റെ മൂന്നാം ഖണ്ഡിക ചോദ്യം ചെയ്യപ്പെട്ടു. ദളിത് ക്രൈസ്തവർക്ക് ഈ ഖണ്ഡികയുടെ അടിസ്ഥാനത്തിൽ ആനുകൂല്യം നിഷേധിക്കുന്നതു നിയമപരമായി ശരിയാണോയെന്നു പഠിച്ചു റിപ്പോർട്ട് സമർപ്പിക്കാൻ ജസ്റ്റീസ് രംഗനാഥമിശ്ര കമ്മീഷൻ രൂപീകരിച്ചു. ആ റിപ്പോർട്ട് പാർലമെന്റിൽ സമർപ്പിച്ചെങ്കിലും റിപ്പോർട്ടിലെ കണ്ടെത്തലുകൾ നടപ്പിലാക്കാൻ ഇന്നുവരെ യാതൊരു നടപടിയും സർക്കാർ സ്വീകരിച്ചിട്ടില്ല. ജസ്റ്റീസ് രംഗനാഥ മിശ്ര കമ്മീഷന്റെ കണ്ടെത്തലുകൾ നടപ്പിലാക്കണമെന്ന് സഭാ നേതൃത്വം കേന്ദ്രസർക്കാരിനോടാവശ്യപ്പെട്ടിരിക്കുകയാണ്. ദളിത് ക്രൈസ്തവരെ അവഗണിച്ചു കൊണ്ടു ക്രൈസ്തവർക്കു സഭാമക്കളായി വളരാൻ കഴിയില്ലെന്ന തിരിച്ചറിവു നേടണമെന്നു സർക്കുലർ ആഹ്വാനം ചെയ്യുന്നു. ദളിതു ക്രൈസ്തവരെ സഹോദരരായി പൂർണമായി ഉൾക്കൊള്ളുന്നതിനു ക്രൈസ്തവ സഹോദരങ്ങൾ തയാറാകണം. ജസ്റ്റീസ് രംഗനാഥമിശ്ര കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കണമെന്നാവശ്യപ്പെട്ട് 26ന് കാസർഗോട്ടുനിന്ന് ആരംഭിച്ച് സെപ്റ്റംബർ നാലിന് തിരുവനന്തപുരത്ത് എത്തിച്ചേരുന്ന കാൽനട പ്രചരണജാഥയ്ക്ക് എല്ലാ സഹായവും പിൻതുണയും നൽകാൻ വിശ്വാസികളും സഭാ നേതൃത്വവും മുന്നിട്ടിറങ്ങണമെന്നും സർക്കുലർ ആഹ്വാനം ചെയ്യുന്നു.

### കെസിബിസി നാടകമേള
### സെപ്റ്റംബർ 19 മുതൽ 30 വരെ

കെസിബിസി നാടകമേള സെപ്റ്റംബർ 19 മുതൽ 30 വരെ പിഒസിയിൽ നടക്കുമെന്നു കെസിബിസി മാധ്യമ കമ്മീഷൻ സെക്രട്ടറി ഫാ. ജോസഫ് നിക്കോളസ് അറിയിച്ചു. വിവിധ നാടകസമിതികൾ സമർപ്പിച്ച രചനകളിൽനിന്ന് അവതരണത്തിനായി 12 നാടകങ്ങൾ മീഡിയ കമ്മീഷൻ തെരഞ്ഞെടുത്തു.മൂല്യാധിഷ്ഠിതവും സാമൂഹ്യപ്രസക്തിയുള്ളതുമായ നാടകങ്ങളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയാണ് നാടകമേളയുടെ ലക്ഷ്യം. 1987ൽ ആരംഭിച്ച നാടകമേളയിൽ പ്രശസ്തമായ പല നാടകങ്ങളും കെസിബിസി മാധ്യമ കമ്മീഷൻഅവതരണത്തി നായൊരുക്കിയിട്ടുണ്ട്. പാലാരിവട്ടം പിഒസിയിൽ 19 മുതൽ 30 വരെ എല്ലാ ദിവസവുംവൈകിട്ട് അഞ്ചരയ്ക്കാണ് നാടകം തുടങ്ങുന്നത്.

## സഭാമക്കൾ ജീവന്റെ അംബാസഡർമാരാകണം: കർദിനാൾ മാർ വർക്കി വിതയത്തിൽ



സമകാലിക സമൂഹത്തിൽ സഭാമക്കൾ ജീവന്റെ അംബാസഡർമാരായി മാറണമെന്നു സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ വർക്കി വിതയത്തിൽ. ജീവന്റെ സംരക്ഷണത്തിനുവേണ്ടിയുള്ള പ്രവർത്തനം ജീവൻ അർപ്പിക്കാനുള്ള ആഹ്വാനം കൂടിയാണു നമുക്കു നല്കുന്നതെന്നും ക്രിസ്തുവിന്റെ സ്നേഹത്താൽ കത്തിജ്വലിക്കുന്നവർക്കും അവൻ വാഗ്ദാനം ചെയ്ത നിത്യജീവിതത്തെക്കുറിച്ചു പ്രത്യാശയുള്ളവർക്കും മാത്രമേ യഥാർഥ ജീവന്റെ സുവിശേഷ പ്രഘോഷകരാകാൻ സാധിക്കുകയുള്ളുവെന്നും അദ്ദേഹം ഓർമിപ്പിച്ചു. കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നാലുദിവസമായി നടന്ന മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയുടെ സമാപനത്തിൽ സന്ദേശം നല്കുകയായിരുന്നു അദ്ദേഹം. ജീവജലത്തിന്റെ ഉറവയിലേക്ക് ഏവരേയും ആനയിക്കുക എന്ന ദൗത്യം സഭാമക്കൾ ഏറ്റെടുക്കണം.

പൊട്ടക്കിണറുകളിൽ വീണു ജീവൻ കിട്ടാതെ വലയുന്ന വർക്കായി ജീവജലത്തിന്റെ ദായകരായി മാറാൻ നമുക്കാവണം. അതിന്റെ വിവിധ മാനങ്ങൾ നാം ജീവിക്കുന്ന പ്രദേശങ്ങളിൽ വ്യത്യസ്തമാകാം. മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുന്നതി ലൂടെയാകാം ചില പ്രദേശങ്ങളിൽ നാം ജീവദായകരായി മാറുന്നത്. മരണസംസ്കാരത്തിൽ അകപ്പെട്ടുപോയവരെ ജീവോന്മുഖമായ കാഴ്ചപ്പാടു നല്കി ജീവന്റെ പ്രചാരകരായി മാറ്റാനുള്ള ഉത്തരവാദിത്വവും നമുക്കുണ്ട്. ക്രിസ്തുവിന്റെ സ്നേഹത്തിൽ ജ്വലിച്ച്, നാം ജീവിക്കുന്ന സമൂഹത്തിൽ ജീവനു വിരുദ്ധമായ എല്ലാ നിലപാടുകൾക്കുമെതിരേ നിലയുറപ്പിക്കണം. മനുഷ്യത്വപൂർണവും വാസയോഗ്യവുമായ ഭൂമിയെ നിലനിർത്താൻ സഹായകമായ പദ്ധതികൾ ആവിഷ്കരിക്കണം. ഇതിന് അസംബ്ലി സഹായകരമായെന്നു വിശ്വസിക്കുന്നു - കർദിനാൾ പറഞ്ഞു. അസംബ്ലിയിൽ പങ്കെടുത്ത ഓരോരുത്തരിലും ജീവനോടുള്ള ആഭിമുഖ്യം വർധിച്ചിട്ടുണ്ടെന്നു കരുതുന്നതായി കർദിനാൾ പ്രത്യാശ പ്രകടിപ്പിച്ചു. മനുഷ്യജീവനോടും പ്രകൃതിയോടുമുള്ള നമ്മുടെ സ്നേഹവും കരുതലും കൂടുതൽ ആഴപ്പെടുന്നത് അതു നിത്യജീവന്റെ പശ്ചാത്തലത്തിൽ വീക്ഷിക്കുമ്പോഴാണ്. നമ്മുടെ സമൂഹത്തിലും സഭയിലും ജീവനെ പോഷിപ്പിക്കുവാനും അതു നിലനിർത്തുവാനും നിരന്തരം അധ്വാനിക്കുന്ന എല്ലാ നല്ല മനുഷ്യരെയും നന്ദിയോടെ ഓർക്കണം. അസംബ്ലിയിലെ ചർച്ചകളിലൂടെ തെളിഞ്ഞുവന്ന അഭിപ്രായങ്ങൾ സഭാമക്കൾ ജീവസംരക്ഷണത്തിനു വേണ്ടി പ്രവർത്തിക്കാനുള്ള നല്ല സന്ദേശമാണ് നല്കുന്നത്. അതിനു സഭാ നേതൃത്വത്തിന്റെ ഭാഗത്തുനിന്നുണ്ടാകേണ്ട നടപടികളും സിനഡിൽ പിതാക്കൻമാരുടെ പരിചിന്തനത്തിനു മുന്നോട്ടു വച്ചിട്ടുള്ള നിർദേശങ്ങളും സിനഡിൽ ചർച്ച ചെയ്തു സഭാ വിശ്വാസികളെ അറിയിക്കും. സഭയെടുക്കുന്ന തീരുമാനങ്ങൾ ഇന്നത്തെ സമൂഹത്തിൽ നടപ്പാക്കേണ്ടതു നമ്മൾ ഓരോരുത്തരുമാണ്. കാരണം സഭ എന്നു പറഞ്ഞാൽ നാം ഓരോരുത്തരും തന്നെയാണ്. സമകാലിക സമൂഹത്തിൽ ജീവന്റെ സന്ദേശം പ്രചരിപ്പിക്കുന്നവരായി ഓരോരുത്തരും മാറണമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു.

## സാമൂഹ്യതിന്മകൾ ജീവസംസ്കാരത്തെ നിർജീവമാക്കുന്നു: മാർ ജോസഫ് കല്ലറങ്ങാട്ട്



വർധിച്ചുവരുന്ന ആത്മഹത്യകൾ, കൊലപാതകങ്ങൾ, ലഹരിമരുന്നു കളുടെ ഉപയോഗം, മദ്യപാനം തുടങ്ങിയ സാമൂഹിക തിന്മകൾ നമ്മുടെ സമൂഹ ജീവന്റെ സംസ്കാരത്തെ നിർജീവവും ബലഹീനവുമാക്കുന്നുണ്ടെന്നു പാലാരൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്. കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോ മലബാർ സഭയുടെ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയുടെ രണ്ടാം ദിവസം വിശ്വാസം ജീവന്റെ സംരക്ഷണത്തിനും സമ്പൂർണതയ്ക്കും എന്ന വിഷയത്തിൽ ആമുഖപ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം. വിവാഹപൂർവ, വിവാഹേതര ലൈംഗികബന്ധങ്ങളിലേക്കും കൃത്രിമജനന നിയന്ത്രണ മാർഗങ്ങളിലേക്കും മനുഷ്യമഹത്വം വിളിച്ചോതുന്ന ലൈംഗികതലം അധ:പതിക്കുന്നതു പരിതാപകരമാണ്. അധാർമിക ലൈംഗികതയുടെ ഫലമായുണ്ടാകുന്ന ദൂഷ്യഫലങ്ങൾ മുൻകൂട്ടിക്കണ്ടു പ്രവാചകശബ്ദത്തോടെ ഉദ്ബോധിപ്പിക്കാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട്. ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യജീവൻ വിലമതിക്കപ്പെടുമ്പോൾ ജീവന്റെ വചനം ഫലം പുറപ്പെടുവിക്കാതെ ഞെരുക്കപ്പെടുന്നുണ്ട്. പരമ്പരാഗതമായി പാലിച്ചുപോന്ന പല നല്ല ജീവിതരീതികളും മൂല്യങ്ങളും കൈമോശം വന്നു സമൂഹത്തിന്റെ അടിത്തറയായ കുടുംബങ്ങൾ ശിഥിലമാകുന്നു. തത്ഫലമായി ജീവന്റെ പരിരക്ഷ കൂടുതൽ ആയാസകരമായിത്തീരുന്നു. കുടുംബങ്ങളെ രക്ഷിക്കാനായാൽ സമൂഹത്തെയും ജീവന്റെ സംസ്കാരത്തെയും പരിപോഷിപ്പിക്കാൻ നമുക്കു സാധിക്കും - മാർ കല്ലറങ്ങാട്ട് പറഞ്ഞു. ജീവന്റെ ദൈവശാസ്ത്രം, ജീവനെ പോഷിപ്പിക്കുന്ന ഘടകങ്ങളും ഭീഷണികളും എന്നീ വിഷയങ്ങളിൽ റവ. ഡോ. മാത്യു ഇല്ലത്തുപറമ്പിൽ, പ്രഫ. റോസിലി തോമസ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഡോ. ഫിലോമിന അഗസ്റ്റിൻ മോഡറേറ്ററായിരുന്നു. കേരളത്തിനകത്തും പുറത്തും വിദേശങ്ങളിലുമുള്ള രൂപതകളുടെയും മിഷൻ കേന്ദ്രങ്ങളുടെയും പ്രവർത്തന റിപ്പോർട്ടുകൾ അവതരിപ്പിക്കപ്പെട്ടു. സാഗർ രൂപതാ ബിഷപ് മാർ ആന്റണി ചിറയത്ത്, വിൻസൻഷ്യൻ സഭ സുപ്പീരിയർ ഫാ. വർഗീസ് പാറപ്പുറം, പിന്റോ ദീപക് (അദിലാബാദ്) എന്നിവർ മോഡറേറ്റർമാരായിരുന്നു.

JAGRATHA News

**"Jagratha News"** – An internet news service is free and for private circulation

**Web:** www.kcbcsocialharmony.org, **Blog:** jagrathakcbc.blogspot.com

**Designed and Edited by** Fr. Johny Kochuparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA